പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4772 | | 29.06.2012 ൽ മറുപടിയ്ക്ക് |
|---|---|---|
| മാതൃക അംഗൻവാടികൾ | | |
| ചോദ്യം | | ഉത്തരം |
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. സി.പി. മുഹമ്മദ് | | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് മാതൃക അംഗൻവാടികൾ സ്ഥാപിക്കുന്നകാര്യം ആലോചനയിലുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. ഒരു നിയോജകമണ്ഡലത്തിൽ ഒരു അംഗൻവാടി എന്ന ക്രമത്തിൽ ആകെ 140 മാതൃകാ അംഗൻവാടികൾ സ്ഥാപിക്കുവാൻ തീരുമാനിക്കുകയും ഇവയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | മാതൃക അംഗൻവാടികളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) 10 സെന്റ് സ്ഥലത്തിൽ പണിയാൻ ഉദ്ദേശിക്കുന്ന മാതൃക അംഗൻവാടി കെട്ടിടത്തിൽ ക്ലാസ്റൂം, ഡൈനിംഗ് റൂം, റീഡിംഗ് റൂം, മുതിർന്ന സ്ത്രീകളുടെ പകൽ പരിപാലന ഹാൾ, ഫീഡിംഗ് റൂം, ശിശു സൗഹൃദ ടോയിലറ്റ്,സ്ത്രീസൗഹൃദ ടോയിലറ്റ്, കുടിവെള്ള സൗകര്യം,ചുറ്റുമതിൽ, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയ സൗകര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (സി) | വൃദ്ധരുടെ സംരക്ഷണത്തിനായുള്ള പദ്ധതികളും കൗമാര പ്രായക്കാർക്കുള്ള സേവനങ്ങളും മാതൃക അംഗൻവാടികൾ മുഖേന നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ? | (സി) വൃദ്ധരായ സ്ത്രീകളുടെ പകൽ പരിപാലനം, കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കുള്ള സേവനങ്ങൾ എന്നിവ മാതൃകാ അംഗൻവാടികളിലൂടെ ലഭ്യമാക്കുന്ന കാര്യം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ